Jagratha-050

Vol-2,Issue-16
07-05- - 2008

*Kerala Catholic Bishops' Council's*

# *Commission for Social Harmony and Vigilance*

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

# ജാഗ്രത

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**പ്രധാന വാർത്തകൾ**

01. വിദ്യാഭ്യാസമേഖല വീണ്ടും പ്രതിസന്ധിയിലേക്ക് : ഐക്യ-ജാഗ്രതാ കമ്മീഷൻ
02.മാർ പൗവ്വത്തിലിന്റെ നിലപാടുകളെ വിമർശിക്കുന്നവർ യാഥാർത്ഥ്യം മനസ്സിലാക്കാത്തവർ : ഐക്യ-ജാഗ്രതാ കമ്മീഷൻ
03. വിദ്യാഭ്യാസ മന്ത്രിയുടെ പ്രസ്ഥാവന പ്രതിഷേധാർഹം : ഐക്യ-ജാഗ്രതാ കമ്മീഷൻ
04. ഏകജാലകം വിനാശകരം : മാർ ജോസഫ് പൗവ്വത്തിൽ
05. DCMS ഡയറക്ടേഴ്സ് മീറ്റ് തീരുമാനങ്ങൾ

**01. വിദ്യാഭ്യാസ മേഖല വീണ്ടും പ്രതിസന്ധിയിലേക്ക്** : ഐക്യ - ജാഗ്രതാ കമ്മീഷൻ

കേരളത്തിലെ വിദ്യാഭ്യാസ മേഖല വീണ്ടും പ്രതിസന്ധിയിലേക്ക് നീങ്ങുന്നു. പ്ലസ് വൺ പ്രവേശനത്തിന് അടുത്ത അധ്യായനവർഷം സംസ്ഥാനമൊട്ടാകെ ഏകജാലക സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഉത്തരവായതോടെയാണ് കേരളത്തിലെ വിദ്യാഭ്യാസ മേഖല വീണ്ടും പ്രതിസന്ധിയിലേക്ക് നീങ്ങികൊണ്ടിരിക്കുന്നത്. ഇതിൻ പ്രകാരം മാനേജ്മെന്റ് ക്വാട്ടയിലെ പ്രവേശനവും സർക്കാർ നേരിട്ട് നടത്തും. പ്ലസ് വൺ പ്രവേശനത്തിന് മാനേജ് മെന്റ് ക്വാട്ട ഉണ്ടാകില്ല. ജി.ഒ.ആർ. 5/ 1586/ ജനറൽ എജ്യൂക്കേഷൻ 2008/ 29-03-2008 -ൽ ഇറക്കിയ ഉത്തരവ് പ്രകാരം ഏകജാലക സംവിധാനത്തിലൂടെയുള്ള പ്രവേശനത്തിന് സർക്കാർ നടപടി തുടങ്ങി. ജില്ലാടിസ്ഥാനത്തിൽ പ്രവേശനലിസ്റ്റ് തയ്യാറാക്കിയാണ് അഡ്മിഷൻ നടത്തുന്നത്. കഴിഞ്ഞ വർഷം തിരുവനന്തപുരം ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയ ഏകജാലക സംവിധാനമാണ് വരുന്ന അധ്യായനവർഷം സംസ്ഥാനത്തൊട്ടാകെയാകുന്നത്.

വിദ്യാഭ്യാസ മേഖലയിൽ ഏകജാലക സംവിധാനം നടപ്പാക്കുന്നതു വഴി പൊതുവിദ്യാഭ്യാസ മേഖലയെ തകർക്കുവാനുള്ള സംഘടിത ശ്രമമാണിത്. തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കി പരാജയപ്പെട്ട ഒരു സമ്പ്രദായം വേണ്ടത്ര ചർച്ചയോ പരിശോധനയോ കൂടാതെ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കാൻ ശ്രമിക്കുന്നത് ഖേദകരമാണ്. ഏയ്ഡഡ് സ്ക്കൂളുകളിലെ വിദ്യാഭ്യാസ പ്രവേശനം മാനേജരുടെ അവകാശമാണ്. അത് ഏകപക്ഷീയമായി ഏറ്റെടുക്കുവാൻ സർക്കാരിനാവില്ല. വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെയും മാനേജുമെന്റിന്റെയും അവകാശങ്ങളിൽ കൈ കടത്തി കമ്യൂണിസ്റ്റ് അജൻഡ നടപ്പിലാക്കുന്നതിനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. തങ്ങളുടെ കുട്ടികൾ ഏതു സ്ക്കൂളിൽ പഠിക്കണമെന്ന് തീരുമാനിക്കുന്നതിനുള്ള അവകാശം മാതാപിതാക്കൾക്കാണ്, സർക്കാരിനല്ല. അതുപോലെ തന്നെ ഏത് വിദ്യാലയത്തിൽ ചേർന്നു പഠിക്കണമെന്ന് തീരുമാനിക്കാനുള്ള അവകാശം ഓരോ വിദ്യാർത്ഥിക്കുമുള്ളതാണ്. വിദ്യാർത്ഥികളുടെ മൗലികാവകാശം നിഷേധിച്ചുകൊണ്ട്, പഠിക്കാനുള്ള വിദ്യാലയം സർക്കാർ അവരുടെ മേൽ അടിച്ചേൽപ്പിക്കുന്നത് നീതികരിക്കാനാവില്ല.

1959-ലെ ഡയറക്ട് പേയ്മെന്റ് ഉടമ്പടി പ്രകാരവും 1972-ലെ ഹയർ സെക്കന്ററി ഉടമ്പടി പ്രകാരവും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥി പ്രവേശനത്തിനുള്ള അവകാശം സർക്കാർ മാനേജ്മെന്റിന് നൽകിയിട്ടുള്ളതാണ്. ഏകജാലക പ്രവേശന സമ്പ്രദായം വഴി ഈ ഉടമ്പടികളുടെ ലംഘനമാണ് നടക്കുന്നത്.

ന്യൂനപക്ഷാവകാശം അനുസരിച്ച് ന്യൂനപക്ഷസ്ഥാപനങ്ങളിലെ വിദ്യാർത്ഥിപ്രവേശനം സ്ഥാപനം നടത്തുന്നവർക്ക് ഭരണ ഘടന നൽകിയിട്ടുള്ളതാണ്. ഏകജാലകപ്രവേശന സമ്പ്രദായം ന്യൂനപക്ഷാവകാശങ്ങളിലുള്ള കടന്നു കയറ്റവും ഭരണഘടനാ ലംഘനവുമാണ്. ഏകജാലക സംവിധാനം തികച്ചും രാഷ്ട്രീയ ലക്ഷ്യത്തോടെയാണ് നടപ്പാക്കുന്നത്. കഴിഞ്ഞ വർഷം ഏല്ലായിടത്തും ജൂലൈയിൽ ക്ലാസ്സ് തുടങ്ങിയപ്പോൾ ഏകജാലക സംവിധാനം നടപ്പിലാക്കിയ തിരുവനന്തപുരത്ത് നവംബറിൽ മാത്രമാണ് വിദ്യാർത്ഥി പ്രവേശനം നടന്നത്. സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ സർക്കാർ ഉണ്ടാക്കിയ പ്രതിസന്ധി പ്ലസ് വണിലേയ്ക്കും പടരാൻ ഏകജാലക സംവിധാനം ഇടയാകും. അതിനാൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന ഏകജാലക സംവിധാനം നടപ്പാക്കുവാനുള്ള നീക്കത്തിൽനിന്നും സംസ്ഥാന സർക്കാർ പിന്മാറണം.

**02. മാർ പൗവ്വത്തിലിന്റെ നിലപാടുകളെ വിമർശിക്കുന്നവർ യാഥാർത്ഥ്യം മനസ്സിലാക്കാത്തവർ** :
ഐക്യ-ജാഗ്രതാ കമ്മീഷൻ

വിദ്യാഭ്യാസമേഖലയിൽ ആർച്ച് ബിഷപ് മാർ പൗവ്വത്തിലിന്റെ നിലപാടുകളെ വിമർശിക്കുന്നവർ യാഥാർത്ഥ്യം മനസ്സിലാക്കാത്തവരാണെന്ന് കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസമേഖലയിൽ മാർ പൗവ്വത്തിലിന്റെ നിലപാട് വളരെ ശരിയാണ്. അദ്ദേഹത്തിന്റെ ദർശനങ്ങളും ഉൾക്കാഴ്ചകളും വിദ്യാഭ്യാസമേഖലയ്ക്ക് വളരെയധികം ഗുണം ചെയ്തിട്ടുണ്ട്. ചില മാധ്യമങ്ങൾ അന്ധമായി മാർ പൗവ്വത്തിലിനെ വിമർശിക്കുന്നത് രാഷ്ട്രീയക്കാരെ സഹായിക്കാനാണ്. അത്, വിദ്യാഭ്യാസമേഖലയ്ക്ക് യാതൊരു ഗുണവും ചെയ്യില്ല- കമ്മീഷൻ സെക്രട്ടറി പറഞ്ഞു. ഏകജാലകസംവിധാനം നടപ്പിലാക്കിയാൽ അത് പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കും. ഏകജാലകസംവിധാനം തികച്ചും രാഷ്ടീയലക്ഷ്യത്തോടെയാണ് നടപ്പിലാക്കുന്നത്. ഏകജാലകം ഏർപ്പെടുത്തുവാനുള്ള നീക്കത്തിൽ നിന്നും സംസ്ഥാനസർക്കാർ പിന്മാറണമെന്ന് ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ.ജോണി കൊച്ചുപറമ്പിൽ അവശ്യപ്പെട്ടു.

**03. വിദ്യാഭ്യാസമന്ത്രിയുടെ പ്രസ്ഥാവന പ്രതിഷേധാർഹം** : ഐക്യ-ജാഗ്രതാ കമ്മീഷൻ.

ക്രിസ്തു ഇപ്പോൾ ജീവിച്ചിരുന്നെങ്കിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ അംഗമാകുമായിരുന്നുവെന്ന വിദ്യാഭ്യാസ മന്ത്രി എം.എ ബേബിയുടെ പ്രസ്താവന തികച്ചും പ്രതിഷേധാർഹമാണ്. സ്വന്തം താൽപര്യങ്ങൾക്കും നിലനിൽപ്പിനും വേണ്ടി എതിർവിഭാഗത്തിൽപ്പെടുന്നവരെ കൊല്ലുന്ന മനുഷ്യത്വരഹിതമായ നിലപാടുകളെടുക്കുന്ന പാർട്ടി സമിതികളിൽ ക്രിസ്തുവിന് സ്ഥാനം കൊടുത്ത ബേബിയുടെ ഭാവനാവിലാസം അപലപനീയമാണ്. മന്ത്രി ബേബിയുടെ പ്രസ്താവന യേശുവിനെക്കുറിച്ച് മന്ത്രിക്കുള്ള അറിവില്ലായ്മയുടെ അടയാളമാണ്. മന്ത്രിയുടെ പരാമർശം ലോകമെമ്പാടുമുള്ള ക്രൈസ്തവരെ അപമാനിക്കുന്നതാണ്. മന്ത്രി പ്രസ്താവന പിൻവലിച്ച് മാപ്പ് പറയണം.

**04. ഏകജാലകം വിനാശകരം : മാർ പൗവ്വത്തിൽ** (മലയാള മനോരമ 05-05-2008)

പരാതികൾ പരിഹരിച്ചും പൊതുധാരണയിലെത്തിയും മാത്രമേ ഹയർ സെക്കൻഡറി ഏകജാലക സമ്പ്രദായം നടപ്പാക്കുകയുള്ളൂ എന്ന മുഖ്യമന്ത്രിയുടെയും വിദ്യാഭ്യാസമന്ത്രിയുടെയും ഉറപ്പു ലംഘിക്കുന്നതു നിർഭാഗ്യകരമാണെന്നു മന്ത്രി എം.എ ബേബിക്കുള്ള തുറന്ന കത്തിൽ സഭാന്തര വിദ്യാഭ്യാസ സമിതി ചെയർമാൻ മാർ ജോസഫ് പൗവ്വത്തിൽ അഭിപ്രായപ്പെട്ടു. പാവപ്പെട്ട വിദ്യാർത്ഥികളുടെ ആശ്രയമായ പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ ഏകജാലക സമ്പ്രദായം പ്രതികൂലമായി ബാധിക്കും. തിരുവനന്തപുരം ജില്ലയിൽ ലഭിച്ച പരാതികൾ ക്രോഡീകരിച്ചു മുഖ്യമന്ത്രിക്കും വിദ്യാഭ്യാസമന്ത്രിക്കും നൽകിയ കത്തിന് ഇനിയും മറുപടി ലഭിച്ചിട്ടില്ല.

കഴിഞ്ഞ വർഷം എല്ലാ ജില്ലകളിലും ജൂലൈയിൽ ഹയർ സെക്കൻഡറി ക്ലാസ്സുകൾ ആരംഭിച്ചപ്പോൾ ഏകജാലകത്തിലൂടെ തിരുവനന്തപുരം ജില്ലയിൽ പ്രവേശനം പൂർത്തിയായതുതന്നെ നവംബറിലാണ്. ആദ്യം പ്രവേശനം കിട്ടിയ വിദ്യാർത്ഥികളിൽ പകുതിയോളം ഹയർ ഓപ്ഷൻ അനുസരിച്ചു പിന്നീടു വിദ്യാലയങ്ങൾ മാറി. ഇതോടെ, അധ്യാപകർക്ക് അവരുടെ വിദ്യാർത്ഥികളെ നിർണയിച്ചു കിട്ടാൻ മൂന്നു മാസം വരെ താമസിച്ചു. തിരുവനന്തപുരത്തു മൂന്നും നാലും തവണ വിദ്യാലയം മാറേണ്ടിവന്നവരാണ് ഏറെയും.

നല്ല പങ്കു വിദ്യാർത്ഥികൾ ദൂരസ്ഥലങ്ങളിലേക്ക് ഏകജാലകം വഴി പറിച്ചു നടപ്പെട്ടു. യാത്രച്ചെലവു താങ്ങാനാവാതെ പാവപ്പെട്ടവർ പഠനം ഉപേക്ഷിച്ചു. പല സ്ക്കൂളുകളിലും 20% ശതമാനം വരെ സീറ്റുകൾ ഒഴിഞ്ഞു കിടന്നു. ഈ സാമൂഹികനഷ്ടം കണക്കിലെടുക്കാൻ സൈദ്ധാന്തിക തിമിരം ബാധിച്ചവർക്കു കഴിയുന്നില്ല. സ്ഥിരമല്ലാത്ത വിദ്യാലയങ്ങൾ വിദ്യാർത്ഥികളുടെ പഠനത്തെയും മാനസികാവസ്ഥയെയും ബാധിക്കുമെന്ന യാഥാർത്ഥ്യം സർക്കാർ മറക്കുന്നു. പത്തുവരെ പഠിച്ച വിദ്യാലയങ്ങളിൽത്തന്നെ ഹയർ സെക്കൻഡറിയും പഠിക്കാനുള്ള അവകാശമുണ്ടാകണം. ഹയർ സെക്കൻഡറികൾ സ്വാഭാവികമായും ഓരോ പ്രദേശത്തിനും വേണ്ടിയാണ്. അതുകൊണ്ടു ജില്ലാ അടിസ്ഥാനത്തിലുള്ള ഏകജാലകം പ്രയോഗികമാകില്ല. ജില്ലാ അതിർത്തികളിലുള്ള വിദ്യാലയങ്ങളിൽ പ്രവേശനം സങ്കീർണവുമാകും. എയ്ഡഡ് സ്ക്കൂളുകളും അവിടെയുള്ള സംവിധാനങ്ങളും മാനേജ്മെന്റിന്റേതാണ്. അതു സർക്കാരിന്റേതു പോലെ ഉപയോഗിക്കാൻ പ്രിൻസിപ്പൽമാരുടെ മേൽ സമ്മർദം ചെലുത്തുന്നുണ്ട്. വാക്കാലുള്ള നിർദ്ദേശങ്ങളിലൂടെ തികച്ചും ഗൂഢമായാണ് ഈ നീക്കങ്ങൾ. ഇത് ഒരുവിധത്തിലും അംഗീകരിക്കാനാവില്ല.

സർക്കാർ നടപ്പാക്കുന്ന ഗ്രേഡിങ് ഒന്നും പഠിക്കാത്തവനും ഏറ്റവും നന്നായി പഠിക്കുന്നവനും തമ്മിലുള്ള വ്യത്യാസം തുലോം തുച്ഛമായിരിക്കുകയാണ്. അതുകൊണ്ട് ഒരുപക്ഷേ ഒന്നും പഠിക്കാതെ വിജയിക്കുന്നവരുടെ പിന്തുണ താങ്കൾക്കു വർദ്ധിച്ചേക്കാം.പക്ഷേ, നഷ്ടപ്പെടുന്നതു നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമാണ്, വിദ്യാർത്ഥികളുടെ ഭാവിയാണ്. എസ്എസ്എൽസി ഫലം 95% ആക്കാനുള്ള നീക്കം നടക്കുന്നതായി കേൾക്കുന്നുണ്ട്. കൃത്രിമമായി വിജയശതമാനം വർദ്ധിപ്പിക്കുന്നതു വിദ്യാഭ്യാസത്തിന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തും. കേരളത്തിന്റെ വളർച്ചയെ മുഴുവൻ അട്ടിമറിക്കുന്ന തുഗ്ലക് പരിഷ്കാരം ഉപേക്ഷിക്കാൻ സർക്കാർ തയ്യാറാവില്ലെങ്കിൽ ഭവിഷത്തുകൾ ദൂരവ്യാപകമായിരിക്കുമെന്ന് മാർ പൗവ്വത്തിൽ ഓർമ്മിപ്പിച്ചു.

05. **ദളിത് കാത്തലിക് മഹാജന സഭ (DCMS) ഡയറക്ടേഴ്സ് മീറ്റ് തീരുമാനങ്ങൾ** ദളിത് കമ്മീഷൻ

കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ(KCBC) SC/ ST/ BC കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന ദളിത് കാത്തലിക് മഹാജന സഭ (DCMS) യുടെ രൂപതാ ഡയറക്ടർമാരുടെ യോഗം 2008 ഏപ്രിൽ 15-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിമുതൽ ആലപ്പുഴ രൂപതാ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. KCBC ദളിത് പിന്നോക്ക വിഭാഗ ചെയർമാൻ അഭിവന്ദ്യ സ്റ്റീഫൻ അത്തിപൊഴിയിൽ പിതാവ് അദ്ധ്യക്ഷം വഹിച്ചു. കഴിഞ്ഞ ഡയറക്ടേഴ്സ് മീറ്റിംഗിന്റെയും 2007 ഏപ്രിൽ 1 മുതൽ 2008 മാർച്ച് 31 വരെയുള്ള ഒരുവർഷത്തെ സംഘടനയുടെ പ്രവർത്തന റിപ്പോർട്ടും തുടർന്ന് കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്കും കമ്മീഷൻ സെക്രട്ടറി ഫാ. ജോൺ അരീക്കൽ അവതരിപ്പിച്ചു. റിപ്പോർട്ട് ഭേദഗതികളോടെ പാസാക്കാമെന്ന് പാലാ രൂപതാ ഡയറക്ടർ ഫാ.മാത്യു കിഴക്കേ അരിഞ്ഞാണിൽ പറയുകയും ചങ്ങനാശ്ശേരി അതിരൂപതാ ഡയറക്ടർ ഫാ. ഗ്രിഗറി ഓണക്കുളം പിൻതാങ്ങുകയും ചെയ്തു. വാർഷിക കണക്ക് അവതരിപ്പിച്ചു. തുടർന്ന് ഓഡിറ്റേഴ്സ് റിപ്പോർട്ട് വായിക്കുകയും കണക്ക് പാസാക്കാമെന്ന് എറണാകുളം-അങ്കമാലി മേജർ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് താമരവള്ളി പറയുകയും കോഴിക്കോട് രൂപതാ ഡയറക്ടർ ഫാ. ആൽഫ്രഡ് വടക്കേതുണ്ടിൽ പിൻതാങ്ങുകയും ചെയ്തു.

നമ്മുടെ ദളിത് സഹോദരങ്ങളുടെ സർവ്വോന്മുഖമായ പുരോഗതി ലക്ഷ്യമാക്കി ഓരോ രൂപതയും പ്രവർത്തിക്കേണ്ടതുണ്ടെന്നും, സ്ക്കൂൾ, കോളേജ്, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ അൽപ്പംകൂടി ശ്രദ്ധിച്ചാൽ വിദ്യാഭ്യാസപരമായി ദളിത് ക്രൈസ്തവ സമൂഹത്തെ ഉയർത്താൻ സാധിക്കുമെന്നും കഴിഞ്ഞ വർഷത്തെ കോളേജ് അഡ്മിഷൻ സമയത്ത് 5% സംവരണം പ്രോസ്പറ്റസിൽ ഉൾപ്പെടുത്താൻ സാധിച്ചില്ലെന്നും അതിന്റെ തീരുമാനം ജൂണിലുണ്ടായതാണെന്നും സന്യാസസഭകൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ദളിതരുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ ഡയറക്ടറച്ചൻമാർ കൂടുതൽ ശ്രദ്ധിക്കണമെന്നും സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസിനെപ്പറ്റിയും അദ്ധ്യക്ഷ പ്രസംഗത്തിൽ ദളിത് പിന്നോക്ക വിഭാഗം കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ സ്റ്റീഫൻ അത്തിപ്പൊഴിയിൽ പിതാവ് ആഹ്വാനം ചെയ്തു.

**തീരുമാനങ്ങൾ:-**

1. നിയമാവലി അനുസരിച്ച് അടുത്ത വർഷം നടക്കുന്ന DCMS ഭാരവാഹികളുടെ തെരഞ്ഞെടുപ്പിനുവേണ്ടിയും പ്രവർത്തനത്തിനുവേണ്ടിയും അംഗങ്ങളെ ഒരുക്കുകയും സേവന സന്നദ്ധരായവരെ കണ്ടെത്തുകയും യൂണിറ്റ് ആരംഭിച്ച് രജിസ്റ്റർ ചെയ്യുകയും വേണം.

2. ജസ്റ്റിസ് സൺഡേ കളക്ഷനിൽ, DCMS പ്രവർത്തനം ഇല്ലാത്ത രൂപതകളിൽ നിന്ന് മുഴുവൻ തുകയും പ്രവർത്തനമുള്ള രൂപതകളിൽനിന്ന് മൂന്നിലൊന്ന് തുകയും KCBC ദളിത് പിന്നോക്ക കമ്മീഷൻ ചെയർമാന് അയച്ചുകൊടുക്കണം.

3. സുപ്രീം കോടതിയിൽ നിലവിലുള്ള കേസിനെപ്പറ്റി കമ്മീഷൻ സെക്രട്ടറി ഫാ. ജോൺ അരീക്കൽ വിശദീകരിക്കുകയും എല്ലാവരുടെയും പ്രാർത്ഥനയും കൂട്ടായ പ്രവർത്തനവും ആവശ്യപ്പെടുകയും ചെയ്തു. ഇതിനായി പ്രാർത്ഥനാ യോഗങ്ങൾ സംഘടിപ്പിക്കണം.

4. കൗൺസിൽ യോഗങ്ങളിൽ രൂപതകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവരെ മാത്രമേ പങ്കെടുപ്പിക്കാൻ പാടുള്ളുവെന്നും രൂപതകളിലെ ഒഴിവുകൾ ഡയറക്ടറച്ചൻമാരുടെ രേഖാമൂലമായ അനുവാദത്തോടെ മാത്രമേ നികത്താവൂ എന്നും ഏപ്രിൽ 19-ന് തിരുവല്ലാ ബോധനയിൽ നടക്കുന്ന കൗൺസിൽ യോഗത്തിന് ഇത് നിർബന്ധമാക്കണമെന്നും തീരുമാനിച്ചു.

5. 2008 മെയ് 2,3,4 തീയതികളിൽ അടൂരിൽ വച്ച് നടക്കുന്ന യുവജന നേതൃത്വ പരിശീലന ക്യാമ്പും മെയ് 24,25,26 തീയതികളിൽ കോട്ടയം വിജയപുരത്ത് വച്ച് നടക്കുന്ന വനിതാ നേതൃത്വ ക്യാമ്പിലും പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കുവാനും രജിസ്ട്രേഷൻ ഫീസ് ഒരംഗത്തിന് 50 രൂപയായി നിജപ്പെടുത്തുവാനും തീരുമാനിച്ചു.

6. ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് ഇപ്പോൾ വിതരണം നടത്തുന്നതുപോലെ തുടരാനും വിതരണ സമ്മേളനം രൂപതയുടെ DCMS പ്രവർത്തനങ്ങൾക്ക് ഉത്തേജനമാകാൻ വേണ്ട ക്രമീകരണം ചെയ്യണമെന്നും തീരുമാനിച്ചു. സ്കോളർഷിപ്പ് തുക ഉയർത്തുന്നതിനെക്കുറിച്ച് ഇപ്പോൾ സാമ്പത്തികശേഷി അനുവദിക്കുന്നില്ലെന്നും ചെയർമാൻ അഭിവന്ദ്യ സ്റ്റീഫൻ അത്തിപ്പൊഴിയിൽ പിതാവ് അറിയിച്ചു.

7. കേരളത്തിലെ ദളിത് ക്രൈസ്തവരുടെ പൊതുവേദി എന്ന നിലയിൽ കൗൺസിൽ ഓഫ് ദളിത് ക്രിസ്ത്യൻ ഏപ്രിൽ 17 മുതൽ നടത്തുന്ന ജീപ്പു ജാഥയിലും കൊല്ലത്തു വച്ച് ഏപ്രിൽ 28-ന് നടത്തുന്ന 3-ാം സംസ്ഥാന സമ്മേളനത്തിലും DCMS സാന്നിധ്യം ഉണ്ടാകുവാൻ ശ്രദ്ധിക്കുക.

Jagratha News depends of your Generosity. We offer our service free of charge and ask that you help us to spread this important mission of disseminating Church news. Kindly send your Donations in favour of. The Secretary, KCBC-Social Harmony & Vigilance, P.B.NO 2251, Palarivattom, Kochi- 682025, Kerala, India.